മേലെഴുത്ത് നം. K2/25489/2021/DCE തീയതി 27.10.2021

സർക്കാർ ഉത്തരവിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനമേധാവികൾ വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

Approval Valid

Digitally Approved By
ബിന്ദു. സി.എം.
Date: 27.10.2021
Reason: Approved

ഒപ്പ് /-
ബിന്ദു. സി.എം.
സീനിയർ ഫിനാൻസ് ഓഫീസർ

പകർപ്പ്:-

1 . എല്ലാ സർക്കാർ കോളജ് പ്രിൻസിപ്പൽമാർക്കും
2 .ഡെപ്യൂട്ടി ഡയറക്ടർ
(കൊല്ലം / കോട്ടയം / എറണാകുളം / തൃശ്ശൂർ/ കോഴിക്കോട് ) എല്ലാ എയ്ഡഡ് കോളേജുകളെയും അറിയിക്കുന്നതിന് .
3 . സിസ്റ്റം മാനേജർ ( വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

K

"ഭരണഭാഷ- മാതൃഭാഷ"

25/10/21

DIRECTORATE OF COLLEGIATE EDUCATION
23 OCT 2021
THIRUVANANTHAPURAM
150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ഉന്നതവിദ്യാഭ്യാസ വകുപ്പ് - പി.ഡി. അക്കൗണ്ടിൽ നിന്നുമുള്ള തുക വിനിയോഗിക്കാൽ - അക്കൗണ്ടിന്റെ കാലയളവ് ദീർഘിപ്പിക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ(സി) വകുപ്പ്

സ.ഉ.(സാധാ) നം.1400/2021/ഉ.വി.വ തീയതി, തിരുവനന്തപുരം, 21/10/2021

പരാമർശം:- 1 സ. ഉ (സാ) . 1939/2017/ഉ .വി .വ തീയതി 26.10.2017.

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 21/09/2021 തീയ്യതിയിലെ കെ2/25489/2021/കോ.വി.വ നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്തെ കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈനായി മാത്രം കോളേജുകളിൽ അധ്യയനം നടക്കുന്ന സാഹചര്യത്തിൽ ഡിജിറ്റൽ സംവിധാനങ്ങൾക്ക് പ്രാധാന്യമേറെയായതിനാൽ പഠന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി LMS പ്ലാറ്റ്ഫോം പോലെയുള്ള ഡിജിറ്റൽ സംവിധാനങ്ങൾക്ക് പി ഡി അക്കൗണ്ടിൽ നിന്നും തുക വിനിയോഗിക്കാനുള്ള അനുമതി നൽകണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പി.ഡി. അക്കൗണ്ടിലെ തുക കമ്പ്യൂട്ടറുകൾ, ഫർണിച്ചറുകൾ, ടോയിലറ്റുകൾ, ലൈബ്രറി, ലബോറട്ടറി, ക്ലാസ്സ്റൂമുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ലബോറട്ടറി ഉപകരണങ്ങളും പുസ്തകങ്ങളും വാങ്ങുന്നതിനും LMS പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിനാവശ്യമായ ഡിജിറ്റൽ സംവിധാനങ്ങൾക്കും വിനിയോഗിക്കാവുന്നതാണെന്നു ഉത്തരവാകുന്നു. കൂടാതെ സർക്കാർ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ നിലവിലെ പി.ഡി അക്കൗണ്ടിന്റെ വിനിയോഗ കാലയളവ് 28 ഫെബ്രുവരി 2022 വരെ ദീർഘിപ്പിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വീണ എൻ മാധവൻ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

കോളേജ് വിദ്യഭ്യാസ ഡയറക്ടർ.തിരുവനന്തപുരം.
പ്രിൻസിപ്പാൾ.ഗവ.എയ്ഡഡ്, ആർട്സ് ആന്റ് സയൻസ് കോളേജ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്). കേരളം. തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം, തിരുവനന്തപുരം.
www.highereducation.gov.in
ഉന്നതവിദ്യാഭ്യാസ(എഫ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ